## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.171 | 26-02-2018 ൽ മറുപടിയ്ക്ക്

## സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | അഗ്നിരക്ഷാസേനയിലെ മുങ്ങൽ വിദഗ്ധരുടെ സംഘമായ സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ), (ബി) & (സി)**<br>ഉണ്ട്. സ്കൂബാ ടീമിലെ അംഗങ്ങൾക്ക് പ്രത്യേക അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | സമാന തസ്തികയിലെ മറ്റ് അംഗങ്ങളെ അപേക്ഷിച്ച് ജോലി സ്വഭാവത്തിൽ റിസ്ക് കൂടുതലായിരുന്നിട്ടും സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കുന്ന തീരുമാനം ഇനിയും നടപ്പിലാക്കാത്തത് ഈ ടീമംഗങ്ങളുടെ മനോവീര്യം കെടുത്തുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | |
| സി) | ജോലിസ്വഭാവത്തിലെ അധിക റിസ്കും സ്കൂബ ടീമംഗങ്ങൾ അനുഭവിക്കേണ്ടി വരുന്ന ആരോഗ്യപ്രശ്നങ്ങളും കണക്കിലെടുത്ത് ഈ ടീമംഗങ്ങൾക്ക് മാത്രമായി പ്രത്യേക അലവൻസ് അനുവദിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ